(സി) മഴക്കാലം കണക്കിലെടുത്ത് കണ്ണാടിപ്പറമ്പ് സ്റ്റെപ്പ് റോഡിന്റെ റീപ്പയർ പണി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണ്ണാടിപ്പറമ്പ് സ്റ്റെപ്പ് റോഡിന്റെ കി. മീ. 0 മുതൽ 1/0 വരെയുള്ള ഭാഗം ഉയർത്തി പുതിയ കലുങ്കുകൾ പണിത് പരിഷ്കരിക്കുന്നതിന് 70 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. റോഡിന്റെ മണ്ണിട്ട് ഉയർത്തിയ ഭാഗത്ത് കലുങ്കുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ജൂൺ-ജൂലായ് മാസങ്ങളിലെ കനത്തമഴയിൽ മണ്ണിട്ട് ഉയർത്തുന്ന പണി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ ഈ ഭാഗത്ത് കൂടിയുള്ള ഗതാഗതം നിലയ്ക്കുകയും വഴി തിരിച്ച് വിടുകയും ചെയ്തിട്ടുണ്ട്.

(സി) മഴക്കാലം കഴിഞ്ഞാൽ ഈ ഭാഗം ഗതാഗതയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പെരുമണ്ണ ബൈപ്പാസ് നിർമ്മാണം

19 [2316] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം മണ്ഡലത്തിലെ പെരുമണ്ണ അങ്ങാടിയിലെ ഇടുങ്ങിയ റോഡ് കാരണം ഗതാഗതക്കുരുക്ക് ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നിർമ്മിക്കുന്ന ബൈപ്പാസിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത് എന്നത്തേക്ക് പ്രാവർത്തികമാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ബൈപ്പാസിന്റെ അലൈൻമെന്റ് ഫിക്സ് ചെയ്ത് ലാൻഡ് അക്വിസിഷൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) നടപടിക്രമങ്ങൾ പൂർത്തിയായാൽ മാത്രമേ പണി തുടങ്ങാൻ കഴിയുകയുള്ളൂ.

നാദാപുരം മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത റോഡുകൾ

20 [2317] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാദാപുരം നിയോജകമണ്ഡലത്തിൽ എത്ര റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകൾ ഏതെല്ലാമാണെന്നും അവ ഓരോന്നും എത്ര കിലോമീറ്റർ നീളം വരുമെന്നും അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly